# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.T *227 — 14.12.2015- ൽ മറുപടിയ്ക്ക്

### പ്ലാച്ചിമട -ട്രിബ്യൂണൽ ബിൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി കെ.എസ്.സലീഖ<br>ശ്രീ. എ.കെ.ബാലൻ<br>,, കെ.വി.വിജയദാസ്<br>,, എം. ചന്ദ്രൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) | നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിന് സമർപ്പിച്ച പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ കേന്ദ്ര സർക്കാർ തിരിച്ചയച്ചിട്ടുണ്ടോ; രാഷ്ട്രപതിയുടെ അനുമതിയ്ക്കും പരിഗണനയ്ക്കും സമർപ്പിക്കാതെയാണോ ബിൽ തിരിച്ചയച്ചിരിക്കുന്നത്; വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കുമോ ; | എ) സംസ്ഥാന നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രസ്തുത ബിൽ, 2010 ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള നിയമം തന്നെ ഇക്കാര്യത്തിൽ മതിയായതാണെന്ന കാരണം ചൂണ്ടിക്കാട്ടി, രാഷ്ട്രപതിയുടെ അനുമതിക്ക് സമർപ്പിക്കാതെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരികെ അയച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടിയിൽ പ്രതിഷേധം അറിയിക്കുകയും പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി വീണ്ടും 19/09/2015-ലെ 321/ലെഗ്എഫ്2/2011/നിയമം നമ്പർ കത്ത് പ്രകാരം ബഹു. ഗവർണ്ണർ മുഖാന്തിരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചിരിക്കുകയാണ്. |
| ബി) | പ്രസ്തുത ബിൽ കേന്ദ്ര സർക്കാർ എത്ര തവണ തിരിച്ചയക്കുകയുണ്ടായി; യു.പി.എ. സർക്കാരിന്റെ കാലത്ത് പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കുമോ? | ബി) ഒരു തവണ തിരിച്ചയക്കുകയുണ്ടായി. യുപിഎ സർക്കാരിന്റെ കാലത്ത് പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിന് അയച്ചിട്ടുണ്ടായിരുന്നു. |

8

സെക്ഷൻ ഓഫീസർ